# കേരളസർവകലാശാല

*Re-accredited by NAAC with A++ GRADE*

**നം. പി.ആർ.163/2024** **തിരുവനന്തപുരം, തീയതി: 23/07/2024**


## പത്രക്കുറിപ്പ്

### പരീക്ഷാഫലം

കേരളസർവകലാശാല 2024 ജനുവരിയിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.എസ്സി. സുവോളജി വിത്ത് സ്പെഷ്യലൈസേഷൻ ഇൻ ബയോസിസ്റ്റമാറ്റിക്സ് & ബയോഡൈവേഴ്സിറ്റി പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷ 2024 ജൂലൈ 30 നകം www.slcm.keralauniversity.ac.in മുഖേന ഓൺലൈനായി സമർപ്പിക്കേണ്ടതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### സ്പോട്ട് അഡ്മിഷൻ

കേരളസർവകലാശാലയിലെ വിവിധ പഠന വകുപ്പുകളിൽ നാല് വർഷ ബിരുദ കോഴ്സുകളിലേക്ക് (2024-25 അധ്യയന വർഷം) SC/ST, EWS, Muslim, Ezhava, OBH, General വിഭാഗങ്ങളിൽ നിന്നും ഒഴിവുള്ള സീറ്റുകളിലേക്ക് 2024 ജൂലൈ 26 ന് കാര്യവട്ടം ക്യാമ്പസ്സിൽ വച്ച് സ്പോട്ട് അഡ്മിഷൻ നടക്കുന്നു. പങ്കെടുക്കാൻ താൽപ്പര്യമുള്ള വിദ്യാർത്ഥികൾ അസൽ രേഖകളുമായി അന്നേ ദിവസം അതാത് പഠന വകുപ്പുകളിൽ രാവിലെ പത്ത് മണിക്ക് മുമ്പായി എത്തിച്ചേരേണ്ടതാണ്. ഒഴിവുകൾ : മലയാളം General - 3, SC - 2, EWS - 2 , സംസ്കൃതം General - 2, Ezhava - 2, Muslim - 1, OBH - 1, EWS - 2, SC - 4, മാത്തമാറ്റിക്സ് SC - 2, LC - 1, Ezhava – 1, കെമിസ്ട്രി SC - 1, ഹിന്ദി SC - 4, Muslim - 1, Ezhava - 2, OBH - 1, EWS - 1, ബി.ബി.എ EWS - 1, എക്കണോമിക്സ് EWS - 2, Ezhava - 1, ഹിസ്റ്ററി General - 1, കോമേഴ്സ് EWS - 1, ഇംഗ്ലീഷ് ST - 1, സൈക്കോളജി OBH - 1, SC - 1, കമ്പ്യൂട്ടർ സയൻസ് SC – 1.

കേരളസർവകലാശാലയുടെ പഠന വകുപ്പുകളിൽ പി.ജി./എം.ടെക്. പ്രോഗ്രാമുകളിൽ പട്ടിക ജാതി/പട്ടിക വർഗ്ഗ സംവരണ സീറ്റുകളിലേക്കുള്ള ഒഴിവുകൾ നികത്തുന്നതിനായി 2024 ജൂലൈ 25 ന് രാവിലെ 11 മണിക്ക് അതാത് പഠന വകുപ്പുകളിൽ വച്ച് സ്പോട്ട് അഡ്മിഷൻ നടത്തുന്നു. പ്രവേശനം നേടുവാൻ യോഗ്യതയുള്ള പ്രസ്തുത വിഭാഗത്തിൽ ഉൾപ്പെട്ട വിദ്യാർത്ഥികൾ മതിയായ രേഖകളുടെ അസ്സൽ സഹിതം പഠന വകുപ്പുകളിൽ കൃത്യസമയത്ത് ഹാജരാകേണ്ടതാണ്. ഒഴിവുള്ള കോഴ്സുകളും സീറ്റുകളുടെ എണ്ണവും അറിയുന്നതിനായി https://admissions.keralauniversity.ac.in/css2024/ സന്ദർശിക്കുക. വിശദവിവരങ്ങൾക്ക് : 0471 2308328, ഇ-മെയിൽ : csspghelp2024@gmail.com.

## കേരളസർവകലാശാല സ്റ്റാറ്റ്യൂട്ടറി ഫിനാൻസ് കമ്മിറ്റിയിലേക്കുള്ള അംഗങ്ങളുടെ തെരെഞ്ഞെടുപ്പ് – വോട്ടർ പട്ടിക പ്രസിദ്ധീകരിച്ചു

കേരളസർവകലാശാല സ്റ്റാറ്റ്യൂട്ടറി ഫിനാൻസ് കമ്മിറ്റിയിലേക്കുള്ള അംഗങ്ങളുടെ തെരെഞ്ഞെടുപ്പുമായി ബന്ധപ്പെട്ട വോട്ടർ പട്ടിക സർവകലാശാല വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. തിരുത്തലുകൾ, ഒഴിവാക്കലുകൾ, കൂട്ടിച്ചേർക്കലുകൾ എന്നിവയ്ക്കുള്ള അപേക്ഷകൾ 2024 ആഗസ്റ്റ് 06 നകം സർവകലാശാല രജിസ്ട്രാർ/റിട്ടേർണിംഗ് ഓഫീസറിന് സമർപ്പിക്കേണ്ടതാണ്.

## സർട്ടിഫിക്കറ്റ് ഇൻ ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ്

കേരളസർവകലാശാല തുടർ വിദ്യാഭ്യാസ വ്യാപന കേന്ദ്രം കാര്യവട്ടം യൂണിവേഴ്സിറ്റി ക്യാമ്പസ്സിൽ 2024 ജൂലൈ 28 ന് ആരംഭിക്കുന്ന സർട്ടിഫിക്കറ്റ് ഇൻ ലൈബ്രറി & ഇൻഫർമേഷൻ സയൻസ് കോഴ്സിന് ഏതാനും സീറ്റുകൾ ഒഴിവുണ്ട്. യോഗ്യത: പ്ലസ് ടു/പ്രീ ഡിഗ്രി ജയിച്ചിരിക്കണം. കോഴ്സ് കാലാവധി : ആറ് മാസം, ക്ലാസുകൾ : ശനി, ഞായർ ദിവസങ്ങളിൽ, കോഴ്സ് ഫീസ് : 9000/- രൂപ, ഉയർന്ന പ്രായപരിധി ഇല്ല. അസ്സൽ സർട്ടിഫിക്കറ്റുകളും പകർപ്പുകളും ഒരു ഫോട്ടോയും സഹിതം പി.എം.ജി. ജംഗ്ഷനിലുള്ള സ്റ്റുഡന്റ്സ് സെന്റർ ക്യാമ്പസ്സിലെ CACEE ഓഫീസിൽ ഹാജരാകണം. വിശദവിവരങ്ങൾക്ക് : 0471 2302523.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ–ചാർജ്)

**E-mail:** For queries helpdesk@keralauniversity.ac.in/
**website:** www.keralauniversity.ac.in

*University information is available on* 9188526670, 9188526671, 9188526674, 9188526675
Whats App No. 8547330240